LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ ഫയർ സ്റ്റേഷൻ

225 (1969) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ ഫയർ സ്റ്റേഷന് എന്തെല്ലാം ഉപകരണങ്ങൾ ലഭ്യമാക്കി എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫയർ സ്റ്റേഷന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനായി എന്തെല്ലാം ഉപകരണങ്ങൾ ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചിരുന്നു;

(സി) പ്രസ്തുത ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ആലപ്പുഴ ഫയർ സ്റ്റേഷന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നൽകിയ ഉപകരണങ്ങൾ ചുവടെ ചേർക്കുന്നു. ടാർപ്പോളിൻ ഷീറ്റ്, ലൈഫ് ജാക്കറ്റ്, എസ്റ്റിംഗൃഷർ, എമർജൻസി ലൈറ്റ്, ടോർച്ച് ലൈറ്റ് ചാർജ്ജബിൾ, ടയർ, ഫ്ലോട്ട് പമ്പ്, വാട്ടർ മിസ്റ്റ്, ഡെലിവറി ഹോസ്, സേഫ്റ്റി ഗ്ലൗസ്, ഫോൾഡിംഗ് സ്വിച്ചർ, ലൈഫ് ബോയ്, ചെയിൻ സോ, എക്സ്റ്റൻഷൻ ലാഡർ, ഫയർ സ്യൂട്ട്, ബി.എ. സെറ്റ്, ഡൈവിംഗ് സ്യൂട്ട്, കെമിക്കൽ സ്യൂട്ട്, ബ്രീത്തിംഗ് എയർ കംപ്രസ്സർ, സീറോ ടോർക്ക് നോസിൽ, അണ്ടർ വാട്ടർ ബി.എ. സെറ്റ്.

(ബി) പ്രസ്തുത ഫയർ സ്റ്റേഷന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് അഭ്യർത്ഥിച്ചിരുന്ന ഉപകരണങ്ങളുടെയും വാഹനങ്ങളുടെയും വിവരങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഇനം	എണ്ണം
1	2	3
1	ഹെൽമറ്റ്	89
2	ഫയർ എക്സ്റ്റിഗൃഷർ ടെസ്റ്റിംഗ് മെഷീൻ (പോർട്ടബിൾ)	1
3	വാട്ടർ മിസ്റ്റ് (ലൈറ്റ് വെയ്റ്റ്) 9 ലിറ്റർ	2
4	ഹൈഡ്രോളിക് ജാക്ക് ട്രോളി ടൈപ്പ് (30 ടൺ)	2
5	ഡെലിവറി ഹോസ്	50

1	2	3
6	സ്കൂബാ ലൈറ്റ് വെയ്റ്റ് വിത്ത് സ്പെയർ സിലിണ്ടർ	5
7	ബി.എ. സെറ്റ് വിത്ത് സ്പെയർ സിലിണ്ടർ	5
8	ഹൈഡ്രോളിക് റെസ്ക്യൂ ടൂൾസ് (പോർട്ടബിൾ)	1
9	റബ്ബർ ഡിങ്കി വിത്തൗട്ട് ബോട്ട് എഞ്ചിൻ	1
10	ചെയിൻ സോ	2
11	ഷിയേഴ്സ് സെറ്റ്	2
12	മൾട്ടി ഗ്യാസ് ഡിക്ടേറ്റർ	2
13	ഫ്ലോട്ട് പമ്പ്	1
14	ഹൈ പ്രഷർ പോർട്ടബിൾ പമ്പ്	1
15	സീറോ ടോർക്യൂ ബ്രാഞ്ച്	1
16	ഇൻഫ്ളേറ്റബിൾ എമർജൻസി ലാമ്പ്	1
17	മിനി എം.ടി.യു.	1
18	റെക്കർ	1
19	എമർജൻസി ടെണ്ടർ	1

(സി) പ്രസ്തുത നിലയത്തിന് അനുവദിച്ചിട്ടുള്ള ഉപകരണങ്ങൾ കൂടാതെ ശേഷിക്കുന്ന ഉപകരണങ്ങളും വാഹനങ്ങളും വകുപ്പിൽ വാങ്ങുന്ന മുറയ്ക്ക് ആലപ്പുഴ നിലയത്തിനും അനുവദിക്കുന്നതാണ്.

നെടുങ്കണ്ടം ഫയർ സ്റ്റേഷൻ

226 (1970) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുങ്കണ്ടത്ത് ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ;

(ബി) ഫയർ സ്റ്റേഷനിനായി റവന്യൂ വകുപ്പ് വിട്ട് നൽകാമെന്ന് പറഞ്ഞിരിക്കുന്ന സ്ഥലം വകുപ്പ് ഏറ്റെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട് വകുപ്പ് നാളിതുവരെ നടത്തിയിട്ടുള്ള നടപടികൾ, അയച്ചിട്ടുള്ള നിർദ്ദേശങ്ങൾ എന്നിവ സംബന്ധിച്ച വിശദീകരണം നൽകാമോ?

LIBRARY ARCHIVES Kerala Legislative Assembly